# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.840** **12.06.2013-ൽ മറുപടിക്ക്**

## വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (എ) കണക്ഷൻ പ്രക്രിയ സുതാര്യവത്ക്കരിച്ചു കൊണ്ട് വാട്ടർ കണക്ഷനുകളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിച്ചും, ബില്ലിംഗ് സമ്പ്രദായം ഫലവത്തായി നടപ്പിലാക്കിയും, കളക്ഷൻ വർദ്ധിപ്പിക്കുന്നതിന് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഇ- അബാക്കസ് സമ്പ്രദായം വിപുലീകരിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഗാർഹികേതര, വ്യാവസായിക കണക്ഷനുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശയിൽ ഇളവനുവദിച്ചും, ഗഡുക്കളായി കുടിശ്ശിക തീർക്കുന്നതിനും, ഉപഭോക്താക്കൾക്ക് സൗകര്യം നൽകിക്കൊണ്ടും റവന്യൂ പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. ഇതിലുപരി റിക്കവറി നടപടികൾ മുഖേനയും വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ട്. ജലദുരുപയോഗം, ചോർച്ച എന്നിവ കണ്ടെത്തി റവന്യൂ നഷ്ടം ഒഴിവാക്കുന്നതിന് നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് സെല്ലും, ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകളും പ്രവർത്തിച്ചു വരുന്നു. |

| | |
|---|---|
| (ബി) നോൺ റവന്യൂ വാട്ടർ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) നോൺ റവന്യൂ വാട്ടർ (NRW) കുറയ്ക്കുന്നതിനുള്ള പഠനങ്ങൾക്കായി NRW മാനേജ്മെന്റ് യൂണിറ്റ് (NRWMU) ഏപ്രിൽ 2012 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും തിരുവനന്തപുരം, കൊച്ചി കേന്ദ്രമാക്കിയാണ് പ്രവർത്തനം. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1. വാട്ടർ ഓഡിറ്റിന് ആവശ്യമായ ബൾക്ക് മീറ്റർ സ്ഥാപിക്കൽ<br>2. പഴയ ഗാർഹിക മീറ്റർ മാറ്റി പുതിയവ സ്ഥാപിക്കൽ<br>3.ഡിസ്ട്രിക് മീറ്ററിംഗ് ഏരിയ (DMA) പഠനങ്ങൾ<br>4. ആധുനിക ലീക്ക് ഡിടെക്ഷൻ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള ലീക്കേജ് സർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും<br>5. അനധികൃത കണക്ഷനുകളും കുടിവെള്ളത്തിന്റെ ദുരുപയോഗവും പാഴാക്കലും തടയാനുള്ള നടപടികൾ |

(ഒപ്പ്)

സെക്ഷൻ ഓഫീസർ